"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ശ്രീ.രമേഷ് എ.ആർ., ഡി.വൈ.എസ്.പി പാലക്കാട് കുന്നത്തുർമേട് പോലീസ് ഫാമിലി ക്വാർട്ടേഴ്സ് നമ്പർ:II A-30 -ൽ 01.07.2018 മുതൽ 21.04.2023 വരെ അനധികൃതമായി താമസിച്ചതിനുള്ള പിഴ വാടക ഈടാക്കുന്നത് - അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA EKM 759/2023-ലെ 06.11.2025 ലെ ഉത്തരവ് പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2584/2026/HOME തീയതി,തിരുവനന്തപുരം, 05-08-2026

പരാമർശം:-

1. 28.09.1976 തീയതിയിലെ GO (Ms) നം.128/1976/Home
2. സംസ്ഥാന പോലീസ് മേധാവിയുടെ 22.10.2022 തീയതിയിലെ H14-105027/2021/PHQ നമ്പർ കത്തിനോടൊപ്പം ലഭിച്ചിട്ടുള്ള ശ്രീ. രമേശ് എ.ആർ. ന്റെ അപേക്ഷ
3. 09.12.2022 ലെ ആഭ്യന്തരം-ഡി3/298/2022 നമ്പർ സർക്കാർ കത്ത്
4. ബഹു.കേരള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീ.രമേഷ്.എ.ആർ ഫയൽ ചെയ്ത OA EKM 759/2023-മേലുള്ള 06.11.2025 തീയതിയിലെ വിധിന്യായം
5. ശ്രീ.രമേഷ്.എ.ആർ സർക്കാരിൽ സമർപ്പിച്ച 21.03.2026 തീയതിയിലെ അപ്പീൽ അപേക്ഷ
6. സംസ്ഥാന പോലീസ് മേധാവിയുടെ 24.04.2026 തീയതിയിലെ H14-102758/2023/PHQ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.രമേഷ് എ.ആർ. പാലക്കാട് ക്രൈം ബ്രാഞ്ചിൽ ഇൻസ്പെക്ടറായിരിക്കെ 2012 ൽ ടിയാന് പാലക്കാട് കുന്നത്തുർമേട് പോലീസ് ക്വാർട്ടറിലെ 11A-30 ക്വാർട്ടേഴ്സ് അനുവദിച്ചു. 18.03.2014 ൽ ടിയാൻ VACB സ്പെഷ്യൽ സെൽ കോഴിക്കോട്- ലേക്ക് സ്ഥലം മാറിപ്പോകുകയും തുടർ താമസത്തിനുള്ള ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ VACB സംസ്ഥാനമൊട്ടുക്കും അധികാര പരിധിയുള്ള യൂണിറ്റ് ആയതിനാൽ തുടർതാമസത്തിന് അനുമതി നൽകുകയും ചെയ്തു. 2018 ജൂൺ മാസത്തിൽ ടിയാൻ നിലമ്പൂർ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ട്രാൻസ്ഫർ വാങ്ങിപോകുകയും അതിനുശേഷം 2019 ൽ കോഴിക്കോട് ക്രൈം ബ്രാഞ്ചിലേക്ക് സ്ഥലം



File No. HOME-D3/90/2023-HOME (Computer No. 2471375)

Generated from eOffice by GANGADEVI V V, ASO (D3) HOME, ASO (D3) HOME, Home Department on 06/08/2026 10:45 AM

മാറിപോകുകയും ചെയ്തു. എന്നാൽ പ്രസ്തുത കാലയളവിൽ ടിയാൻ തുടർതാമസത്തിന് അപേക്ഷ നൽകാതെയാണ് ക്വാർട്ടേഴ്സ് ഉപയോഗിച്ചിട്ടുള്ളത്. ക്വാർട്ടേഴ്സ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങളൊന്നും ഇക്കാലയളവിൽ ടിയാൻ പാലിച്ചിട്ടില്ല. ആയതിനാൽ ടിയാന്റെ പാലക്കാട് കുന്നത്തൂർമേട് പോലീസ് ക്വാർട്ടറിലെ 11A-30 ക്വാർട്ടേഴ്സിലെ താമസം അനധികൃതമാണെന്ന് കണക്കാക്കുകയും ടിയാനിൽ നിന്നും പിഴ വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

തുടർന്ന് ശ്രീ.രമേഷ് എ.ആർ. പിഴ വാടകയിൽ നിന്നും ഒഴിവാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി മുഖേന പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ടിയാനെ പിഴവാടകയിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്നും ചട്ടങ്ങളിൽ അനുശാസിക്കുന്ന പിഴ വാടക ഈടാക്കാനും സംസ്ഥാന പോലീസ് മേധാവിക്ക് പരാമർശം (3) പ്രകാരം നിർദ്ദേശം നൽകി. ഇതേ തുടർന്ന് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA EKM 759/2023 ഫയൽ ചെയ്തു. പ്രസ്തുത കേസിലെ പരാമർശം (4) ലെ അന്തിമ വിധി പ്രകാരം അപേക്ഷകൻ 2nd Respondent മുൻപാകെ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ടിയാനെ നേരിൽ കേട്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉത്തരവായി.

ശ്രീ.രമേഷ്.എ.ആർ പരാമർശം (5) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. തുടർന്ന് ആഭ്യന്തര വകുപ്പ് അണ്ടർ സെക്രട്ടറി 18.02.2026 ൽ ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. 2018 ലെ പ്രളയ സാഹചര്യം കണക്കിലെടുത്ത് ടിയാന് ക്വാർട്ടേഴ്സ് ഒഴിയാൻ കഴിഞ്ഞില്ലെന്നും ടിയാൻ 11.08.2020 ൽ നൽകിയ എവിക്ഷൻ നോട്ടീസിന് 28.07.2021 ൽ മറുപടി നൽകിയിരുന്നെന്നും 2021 ൽ ടിയാൻ കണ്ണൂർ ജില്ലയിലേക്ക് ട്രാൻസ്ഫർ ആയ സമയത്ത് ഇലക്ഷൻ സംബന്ധിച്ച അടിയന്തര സാഹചര്യമായിരുന്നതിനാൽ ക്വാർട്ടേഴ്സ് ഒഴിയാൻ സാധിച്ചില്ലെന്നും ടിയാൻ വാദിച്ചു. ടിയാന്റെ വാദങ്ങൾക്ക് സംസ്ഥാന പോലീസ് മേധാവി പരാമർശം (6) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ, ശ്രീ രമേഷ്.എ.ആർ 2018 ജൂൺ മാസത്തിൽ പോലീസ് വകുപ്പിന് പുറത്ത് നിലമ്പൂർ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ട്രാൻസ്ഫർ വാങ്ങി പോയിട്ടുള്ള കാലയളവിൽ തന്നെ ടിയാൻ ക്വാർട്ടേഴ്സ് തുടർ താമസത്തിനായി പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആദ്യം ക്വാർട്ടേഴ്സിന്റെ കൺട്രോളിംഗ് ഓഫീസറായ പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിൽ നിന്നും, തുടർന്ന് 6 മാസത്തിനു ശേഷം ക്വാർട്ടേഴ്സ് അനുവദിച്ചു കിട്ടുന്നതിന് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും പിന്നീട് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതായിരുന്നുവെന്നും എന്നാൽ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ യാതൊന്നും പാലിക്കാതെ അനധികൃതമായാണ് 21.04.2023 തീയതിവരെയുള്ള കാലയളവിൽ ശ്രീ. രമേഷ്. എ. ആർ. മേൽ ക്വാർട്ടേഴ്സിൽ താമസിച്ചു വന്നിരുന്നതെന്നും ആയതിനാലാണ് അനധികൃത താമസത്തിനു 8,13,038/- രൂപ ടിയാനിൽ നിന്നും പീനൽ റെന്റ് ഈടാക്കാനായി നടപടി സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ.രമേഷ്.എ.ആർ. എന്നവർ ക്വാർട്ടേഴ്സ് ഉപയോഗിച്ചിരുന്നത് അനധികൃത താമസമായി കണക്കാക്കിയിട്ടുള്ളതിനാൽ 11/08/2020, 21/07/2021, 10/09/2021, 07/04/2022 എന്നീ തീയതികളിൽ ക്വാർട്ടേഴ്സ് ഒഴിയുന്നതിനുള്ള നോട്ടീസ് പാലക്കാട് ഡി.വൈ.എസ്.പി ഓഫീസിൽ നിന്നും നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള കേരള പോലീസ് (ഫാമിലി) ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ആന്റ് ഒക്യൂപ്പേഷൻ റൂൾസ്, 1976 ലെ ചട്ടങ്ങളിൽ അനധികൃതമായി ക്വാർട്ടേഴ്സ് കൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ ശിക്ഷണ നടപടികൾ അനുശാസിക്കുന്നുണ്ട്. പാലക്കാട് ക്രൈംബ്രാഞ്ചിൽ ഇൻസ്പെക്ടറായിരിക്കെ ശ്രീ.രമേഷ് എ.ആർ- ന് 2012 ൽ അനുവദിച്ച കുന്നത്തൂർമേട് പോലീസ് ക്വാർട്ടറിലെ 11A-30 ക്വാർട്ടേഴ്സ്, ടിയാൻ

പ്രസ്തുത യൂണിറ്റിൽ നിന്നും സ്ഥലമാറ്റം ലഭിച്ച ശേഷവും പരാമർശം (1) ലെ വ്യവസ്ഥകൾക്ക് അനുസൃതമായി കൺട്രോളിങ് അതോറിറ്റിക്കോ സംസ്ഥാന പോലീസ് മേധാവിക്കോ സർക്കാരിനോ അപേക്ഷ നൽകാതെ അനധികൃതമായി താമസിച്ചതുകൊണ്ടു മാത്രമാണ് ടിയാനിൽ നിന്നും പീനൽ റെന്റ് ഈടാക്കേണ്ട സാഹചര്യം ഉണ്ടായത്. പോലീസ് ഉദ്യോഗസ്ഥൻ ഒരു യൂണിറ്റിൽ നിന്നും ട്രാൻസ്ഫർ ആയി മറ്റൊരു യൂണിറ്റിലേക്ക് പോകുമ്പോൾ ക്വാർട്ടേഴ്സ് അലോട്ട്മെന്റ് റൂൾ പ്രകാരം ക്വാർട്ടേഴ്സ് ഒഴിയേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ക്വാർട്ടേഴ്സ് ഒഴിയാൻ സാധിച്ചില്ല എങ്കിൽ തുടർ താമസത്തിനായി ബന്ധപ്പെട്ട അധികാരിക്ക് അപേക്ഷ നൽകേണ്ടതുണ്ട്. അപ്രകാരം ശ്രീ.രമേഷ്. എ. ആർ. തുടർ താമസത്തിന് അപേക്ഷ നൽകുകയോ ക്വർട്ടേഴ്സ് ഒഴിയുകയോ ചെയ്യാതിരുന്ന സാഹചര്യത്തിൽ പരാമർശം (1) ലെ വ്യവസ്ഥകൾക്കനുസൃതമായുള്ള പിഴവാടക അടവാക്കാൻ ടിയാൻ ബാധ്യസ്ഥനാണ്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ.രമേഷ്.എ.ആർ, ഡി.വൈ.എസ്.പി പാലക്കാട് കുന്നത്തൂർമേട് പോലീസ് ക്വാർട്ടറിലെ 11A-30 ക്വാർട്ടേഴ്സിൽ അനധികൃതമായി താമസിച്ച 01.07.2018 മുതൽ 21.04.2023 വരെയുള്ള കാലയളവിലേക്ക് ടിയാന്റെ പേരിൽ കണക്കാക്കിയിട്ടുള്ള 8,13,038/- രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം 5 പ്രകാരം ശ്രീ.രമേഷ് എ.ആർ. സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA EKM 759/2023-ലെ 06.11.2025 തീയതിലെ ഉത്തരവ് പാലിക്കപ്പെട്ടിട്ടുള്ളതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൗമിനി ജയകുമാർ
അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം.
2.ശ്രീ.രമേഷ്.എ.ആർ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,സ്പെഷ്യൽ സെൽ,കോഴിക്കോട്-673017
3.അഡ്വക്കേറ്റ് ജനറൽ, കേരള ( ആമുഖ കത്ത് സഹിതം)
4.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
5.ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി ആർ ഡി
6.കരുതൽ ഫയൽ (HOME-D3/90/2023-HOME)/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



File No. HOME-D3/90/2023-HOME (Computer No. 2471375)

Generated from eOffice by GANGADEVI V V, ASO (D3) HOME, ASO (D3) HOME, Home Department on 06/08/2026 10:45 AM